7764
6/8/14

'ഭരണ ഭാഷ - മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കോഴിക്കോട് മേഖലാ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം പ്രവർത്തിക്കുന്ന കെട്ടിടം അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നൽകിയ ഭരണാനുമതി റദ്ദ് ചെയ്ത് ഉത്തരവാകുന്നു

================================================================

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 469/2014/സാ.നീ.വ. തീയതി, തിരുവനന്തപുരം: 01.08.2014.

================================================================

പരാമർശം:- 1. 08.07.2013-ലെ സ.ഉ.(സാധാ) നം. 342/2013/സാ.നീ.വ.
2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 19.03.2014-ലെ എഫ്5/20333/13 നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള കോഴിക്കോട് മേഖലാ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ പ്രധാന അറ്റകുറ്റപ്പണികൾ നടത്തി നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയും അതിനായി 5,50,000/- രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പ്രസ്തുത മേഖലാ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം സ്ഥിതിചെയ്യുന്ന കെട്ടിടം ഉൾപ്പെടുന്ന പ്രദേശം ജെൻഡർ പാർക്ക് ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുള്ളതിനാൽ പരാമർശം (1)-ലെ ഉത്തരവ് പ്രകാരം നൽകിയ പദ്ധതിക്കുള്ള ഭരണാനുമതി റദ്ദ് ചെയ്യണമെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം (2)-ലെ കത്ത് മുഖേന അഭ്യർത്ഥിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് മേഖലാ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിനു വേണ്ടി അറ്റകുറ്റപ്പണികൾ നടത്താൻ നിശ്ചയിച്ചിരുന്ന കെട്ടിടം ഉൾപ്പെടുന്ന പ്രദേശം ജെൻഡർ പാർക്ക് നിർമ്മാണത്തിനു വേണ്ടി ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ പരാമർശം (1)-ലെ ഉത്തരവ് പ്രകാരമുള്ള ഭരണാനുമതി റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.കെ.എം.എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
✓വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സാമൂഹ്യനീതി (സി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.